"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം- അത്യാഹിത വിഭാഗത്തിലെ എമർജൻസി ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സിലെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുക റിലീസ് ചെയ്ത് ഉത്തരവാകുന്നു.

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

G.O.(Rt) No.486/2026/H&FWD തീയതി,തിരുവനന്തപുരം, 05-02-2026

പരാമർശം:- 1. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 29.12.2025 തീയതിയിലെ മെ.വി.വ/7371/2025-പിബി4 നമ്പർ കത്ത്.

2. സ.ഉ.(സാധാ) 791/2026/ധന തീയതി 28.01.2026.

**ഉത്തരവ്**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിലെ എമർജൻസി ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ് 2019 ൽ പണികഴിപ്പിച്ചതാണെന്നും, ഓപ്പറേഷൻ തിയേറ്ററിൽ അറ്റകുറ്റപണികൾ നടത്താതിനാൽ നിലവിൽ ശോചനീയമായ അവസ്ഥയിലാണെന്നും, അത്യാഹിത വിഭാഗത്തിൽ രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഓപ്പറേഷൻ തീയേറ്ററിന്റെ ശുചിത്വവും ക്ഷമതയും ശരിയായ രീതിയിൽ നിലനിർത്തുന്നതിന് അറ്റകുറ്റപണികൾ വളരെ അടിയന്തിരമായി നടത്തേണ്ടതുണ്ടെന്നും, മേൽ പ്രവൃത്തികൾക്കായി ₹67,41,000/- രൂപയുടെ എസ്റ്റിമേറ്റും സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ ഓപ്പറേഷൻ തിയേറ്റർ നവീകരണത്തിനു നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ശീർഷകങ്ങളിൽ മതിയായ തുക ലഭ്യമല്ലായെന്നും വയനാട് സർക്കാർ മെഡിക്കൽ കോളേജിന്റെ 2210-05-105-71-19-M&E ശീർഷകത്തിൽ ഭരണാനുമതി നൽകിയ ₹4,77,00,168/- രൂപയിൽ പ്രവർത്തി പൂർത്തീകരിച്ചശേഷം ബാക്കിയുള്ള ₹88,15,088/- രൂപയിൽ നിന്നും ₹67,41,000/- രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സിലെ അറ്റകുറ്റപ്പണികൾക്ക് ധനപുനർവിനിയോഗം വഴി നൽകണമെന്നും, അതോടൊപ്പം മേൽ തുക പൊതുമരാമത്ത് സിവിൽ/ഇലക്ട്രിക്കൽ വിഭാഗങ്ങൾക്ക് മുൻകൂട്ടി നിക്ഷേപിച്ച് നൽകുവാൻ അനുമതി ലഭ്യമാക്കണമെന്നും പരാമർശം (1) ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

**2.** പരാമർശം (2) പ്രകാരം ₹67,41,000/- രൂപ "2210-05-105-98-17-M&W" എന്ന ശീർഷകത്തിലേയ്ക്ക് ധന പുനർവിനിയോഗം വഴി അനുവദിച്ച് നൽകി ഉത്തരവായിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിലെ എമർജൻസി ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സിലെ അറ്റകുറ്റപ്പണികൾക്കായുള്ള ചുവടെ പറയുന്ന പ്രവർത്തികൾക്കായി **₹67,41,000/-**

രൂപ (അറുപത്തിയേഴ് ലക്ഷത്തി നാൽപ്പത്തി ഒന്നായിരം രൂപ മാത്രം) "2210-05-105-98-17-MW" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| Sl.No | Name of Work | Amount |
|---|---|---|
| 1 | Electrical Renovation and additional facilities in Emergency Operation Theater Medical College Emergency Medicine Department MCH TVPM | 6,91,000/- |
| 2 | Renovation and Upgradation of Air Conditioning System with Additional Faci1ities in the Emergency Operation Theater complex Emergency Medicine Department -AC Renovation | 25,50,000/- |
| 3 | Renovation of Emergency Operation Theater and Trauma care near Casualty Main Hospital building | 35,00,000 |
| | **Total** | **67,41,000/-** |

4. പ്രസ്തുത തുക പൊതുമരാമത്ത് സിവിൽ/ ഇലക്ട്രിക്കൽ വിഭാഗങ്ങൾക്ക് മുൻകൂട്ടി നിക്ഷേപിക്കുന്നതിനുള്ള അനുമതിയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUBHASH R
ADDITIONAL SECRETARY

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ് ,തിരുവനന്തപുരം

പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ് ,വയനാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ(ഹെൽത്ത്-എ) വകുപ്പിന് (3383452/എച്ച്.എൽ.റ്റി-എ2/7/2026-ധന തീയതി 03.02.2026 പ്രകാരം)

ഡയറക്ടർ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-P2/2/2026-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
സെക്ഷൻ ഓഫീസർ
Date: 06-02-2026 11:03:53